പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2271** **11-03-2020-ൽ മറുപടിക്ക്**

# ചാലക്കമ്പോളത്തെ പൈതൃക തെരുവായി മാറ്റുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരത്തിലെ പ്രധാന വാണിജ്യ കേന്ദ്രമായ ചാലക്കമ്പോളത്തെ പൈതൃക തെരുവായി മാറ്റുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | തിരുവനന്തപുരം നഗരത്തിലെ പ്രധാന വാണിജ്യ കേന്ദ്രമായ ചാലക്കമ്പോളത്തെ പൈതൃക തെരുവായി മാറ്റുന്ന പദ്ധതിയുടെ ഒന്നാം ഘട്ടമായ വെജിറ്റബിൾ മാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ച് ഉത്ഘാടനം ചെയ്ത് കഴിഞ്ഞു. |
| (ബി) | ഒന്നര വർഷം മുമ്പ് ഉദ്ഘാടനം ചെയ്ത പദ്ധതിയുടെ ആദ്യഘട്ടം നാല് മാസം കൊണ്ട് പൂർത്തിയാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാതെ വന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള കച്ചവട സ്ഥാപനങ്ങളെ നിർമ്മാണ പ്രവർത്തി നടത്തേണ്ടസ്ഥലത്തുനിന്നും താല്കാലികമായി മാറ്റി സ്ഥാപിക്കുന്നതിന് കാലതാമസം നേരിട്ടതിനാലാണ് പദ്ധതിയുടെ പൂർത്തീകരണം വൈകിയത് |
| (സി) | ഇതിന്റെ രണ്ടാം ഘട്ടമായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഈ പദ്ധതിയ്ക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ? | (സി) | പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി മത്സ്യ-മാംസ മാർക്കറ്റ് എന്നിവയാണ് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 1,32,42,819/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ